# <u>ശിശുദിന സ്റ്റാമ്പ് - 2021- മാർഗ്ഗ നിർദ്ദേശങ്ങൾ</u>

**'ഇന്ത്യൻ കർഷകൻ-ഒരു നേർക്കാഴ്ച'** എന്ന ആശയത്തെ ആസ്പദമാക്കി നാലു മുതൽ പ്ലസ്ടു വരെ ക്ലാസ്സുകളിൽ (9 മുതൽ 17 വയസ്സുവരെ) പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചിത്രരചന മത്സരത്തിൽ പങ്കെടുക്കാം.

ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. 15x12 സെന്റീമീറ്റർ അനുപാതത്തിലായിരിക്കണം ചിത്രരചന നടത്തേണ്ടത്.

സ്റ്റാമ്പിന്റെ വലിപ്പമായ 5x4 സെന്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ വിശദാംശങ്ങൾ അസ്പഷ്ടമാകാത്ത വിധമുള്ള പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവ്വഹിക്കുന്നതായിരിക്കും ഉചിതം.

തിരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിക്ക് പ്രശസ്തിഫലകവും ക്യാഷ് അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി ശിശുദിനസ്റ്റാമ്പ് പ്രകാശന ചടങ്ങിൽ വച്ച് ആദരിക്കുന്നതായിരിക്കും.

ചിത്രം വരയ്ക്കുന്ന വിദ്യാർത്ഥിയുടെ പേര്, ക്ലാസ്സ്, വയസ്സ്, സ്കൂളിന്റേയും വിദ്യാർത്ഥിയുടെ വീടിന്റേയും ഫോൺ നമ്പരോടുകൂടിയ മേൽവിലാസം എന്നിവ ചിത്രത്തിന്റെ പിറകു വശത്ത് എഴുതി പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം.

ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ/നേരിട്ടോ 2021 നവംബർ 3-ാം തീയതി വരെ എത്തിക്കാവുന്നതാണ്.

കവറിനു പുറത്ത് **'ഇന്ത്യൻ കർഷകൻ-ഒരു നേർക്കാഴ്ച'** എന്ന് എഴുതേണ്ടതാണ്.

Endt. No. AcdC4/213729/21/TDHSE dt. 16/10/2021

കേരള സംസ്ഥാന ശിശുക്ഷേമ സമിതി - ശിശുദിനസ്റ്റാമ്പ്-2021-
ചിത്രരചനകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്-
മേൽ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ
തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

To,
ഹയർസെക്കന്ററി പ്രിൻസിപ്പാൾമാർ
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ

ജോയിന്റ് ഡയറക്ടർ
അക്കാദമിക് വിഭാഗം